# ആചാരത്തിന് കടിഞ്ഞാണിടുമ്പോൾ

ബ്ലെസൻ ഹ്യൂസ്റ്റൻ : blessonhouston@gmail.com

ശബരിമലയിൽ സ്ത്രീ പ്രവേശനത്തിന് അനുമതി നൽകി സുപ്രീംകോടി വിധി പ്രഖ്യാപിച്ചപ്പോൾ കേരള സർക്കാരിന് അതിട്ടൊരു പണിയാകുമെന്ന് ഇടതുപക്ഷ മുന്നണിയും അവരുടെ സർക്കാരും ഒരിക്കൽപോലും കരുതിയില്ല. വിധി പ്രഖ്യാപിച്ചപ്പോൾ ജനകീയ സർക്കാരിന്റെ പുരോഗമന തൊപ്പിയിൽ ഒരു പൊൻതൂവൽ കൂടിയാകുമെന്നായിരുന്നു കേരളത്തിൽ നടന്നിട്ടുള്ള എല്ലാ പുരോഗമന ഗർഭത്തിന്റെയും ഉത്തരവാദിത്വം ഏറ്റെടുത്ത് അതിൽ അഭിമാനം കൊള്ളുകയും അത് അയവിറക്കിക്കൊ് നടക്കുകയും ചെയ്യുന്ന കമ്മ്യൂണിസ്റ്റുകാർ ചിന്തിച്ചത്. ഇതും ഒരു പൊൻതൂവലാക്കാമെന്നായിരുന്നു. എന്നാൽ അത് ചക്കിനുവെച്ചത് കൊക്കിനു കൊന്നെ പോലെയായിപ്പോയി. സുപ്രീം കോടതിയുടെ വിധിയുമായി ശബരിമലയിൽ ഒരു കൈ നോക്കാമെന്ന ധാരണയിൽ സർക്കാർ ശ്രമം നടത്താനൊരുങ്ങുമ്പോഴാണ് വിശ്വാസികളായ സ്ത്രീകൾ കൊടുങ്കാറ്റുപോലെ പ്രതിഷേധവുമായി നിരത്തിലിറങ്ങിയത്. അവകാശങ്ങൾ നേടിയെടുക്കാനും അവ സംരക്ഷിക്കാനുമായി നിരത്തിലിറങ്ങി പോരാട്ടം നയിച്ച നാട്ടിൽ ഒരു വേറിട്ട സമരമാണ് അതിൽ കൂടി കേരളം കത്.

സുപ്രീം കോടതി വിധിയിലും സർക്കാരിന്റെ പിടിവാശിയിലും പ്രതിഷേധിച്ചുകൊ് വിശ്വാസികളായ സ്ത്രീകൾ നിരത്തിലിറങ്ങിയപ്പോൾ അത് ഇത്രമേൽ ശക്തമാകുമെന്ന് സർക്കാരും ഇടതു മുന്നണിയും കരുതിയില്ല. കോടതിവിധി നടപ്പാക്കുമെന്ന് പറഞ്ഞപ്പോൾ സർക്കാർ പ്രതീക്ഷിച്ചത് ഒരു പൊട്ടലും ചീറ്റലും ആയിരുന്നു. എന്നാൽ സംഭവിച്ചത് ഒരു സ്ഫോടനമായിരുന്നു. അതിനെ നേരിടാൻ സർക്കാർ രംഗത്തിറക്കിയതാകട്ടെ പുരോഗമനാശയത്തിന്റെ കുപ്പായമിട്ട ചില സ്ഥിരം കക്ഷികളെയും അവസരത്തിനൊത്ത് വാക്ക് മാറ്റി പറയുന്ന ചില സമുദായ നേതാക്കളെയും. അവരും പുരോഗമന വാചക കസർത്തുകൾ സ്ഥിരമായി കേൾക്കുകയും അവസരത്തിനൊത്ത് കളംമാറ്റി ചവിട്ടുന്ന രീതിയും കിട്ടുള്ള ജനം അതിനെ ഗൗനിച്ചതേയില്ല. അതുകൊു തന്നെ അതൊരു നനഞ്ഞ പടക്കമായി മാറിയെന്നു വേണം കരുതാൻ.

തോക്കേന്തിയ പോലീസ് സേനക്കു മുന്നിലേക്ക് പ്രത്യേയ ശാസ്ത്രത്തിന്റെ ആവേശം ഉള്ളിൽ നിറച്ച് വാരികുന്തവുമായി സമരമുഖത്തേക്ക് ഇറക്കിവിട്ട കാലം കഴിഞ്ഞു. അതിന്റെ ഉള്ളിലെ പൊള്ളയായ യാഥാർത്ഥ്യം എന്താണെന്ന് അറിയാത്തവർ ഇന്ന് അറിഞ്ഞുകൊിരിക്കുകയാണ്. തോക്കിനേക്കാൾ ശക്തി വാരിക്കുന്തത്തിനാണെന്ന് അനുയായികളെ പഠിപ്പിച്ചവർക്കു മുന്നിൽ രക്തസാക്ഷികളാകാനെ യോഗമുായുള്ളു. ആ രക്തസാക്ഷികളിൽ കൂടി അധികാരത്തിലെ ത്തിയവർ അകത്തളത്തിലിരിക്കാൻ ക്ഷണിച്ചതോ വർഗ്ഗശത്രുവിനെ. അവരാണ് ഇന്ന് സ്തുതിപാടകരായി രംഗത്തു വന്നിരിക്കുന്നത്. പ്രതിഷേധത്തെ നേരിടാൻ ഇറക്കിയ തന്ത്രം ഫലിക്കാതെ പോയതും അതുകൊ്.

കേരളത്തിന്റെ ചരിത്രത്തിലെ ഏറ്റവും വിവാദപരമായ ഒരു വിധിയാണ് സുപ്രീംകോടതി ശബരിമല സ്ത്രീപ്രവേശനത്തിൽക്കൂടി പ്രസ്താവിച്ചത്. ഇന്ത്യയുടെ പരമോന്നത നീതിപീഠം വിധി പ്രസ്താവിച്ചത് നടപ്പാക്കാൻ സർക്കാർ ബാദ്ധ്യസ്ഥരുമാണ്. എന്നാൽ ഇത് നടപ്പാക്കുമ്പോൾ അത് എത്രമാത്രം ഭവിഷത്ത് ഉളവാക്കുമെന്ന് സർക്കാർ ചിന്തിക്കേതായിരുന്നു. എടുത്ത് ചാടിക്കൊ് ഒരു നീക്കം നടത്തി

ദുര്യവ്യാപകമായ ഭവിഷ്യത്ത് വരുത്തിക്കൊ് ഒരു നടപടിയെന്നതിനേക്കാൾ അത് പരമാവധി ഒഴിവാക്കിക്കൊ് നടപടിയെടുക്കാമായിരുന്നു. ഭൂരിഭാഗം വരുന്ന വിശ്വാസികളുടെ എതിർപ്പിനെ സർക്കാർ എങ്ങനെ നേരിടും. ഏത് ആയുധവുമായി നേരിട്ടാൽ അതിനെ പ്രതിരോധിക്കാൻ കഴിയും. അങ്ങനെ പ്രതിരോധിച്ചാൽ അതിനെ കീഴടക്കാൻ കഴിയുമോ. ഇത്തരം ചോദ്യങ്ങൾക്ക് ഉത്തരം പറയാൻ കഴിയാത്തിടത്തോളം ഈ എതിർപ്പിനു മുന്നിൽ സർക്കാർ മുട്ടുമടക്കേി വരുമെന്നതാണ് സത്യം.

സതിയും മാറുമറക്കലും ക്ഷേത്രപ്രവേശന വിളംബരവുമെല്ലാം ഒരു രാത്രികൊ് നേടിയെടുത്തതല്ല. ഒരു ഉത്തരവിൽ കൂടിയാണെങ്കിലും നീ പോരാട്ടങ്ങളുടെ ചരിത്രമു് അതിന്. അത് മാത്രമല്ല ജനകീയ ബോധവൽക്കരണത്തിൽ കൂടി അതിന്റെ ആവശ്യകതയെന്തെന്ന് ജനങ്ങളെ ബോദ്ധ്യപ്പെടുത്തുക കൂടി ചെയ്തിട്ടു്. അങ്ങനെ ശക്തമായതും ബുദ്ധിപൂർവ്വമായതുമായ ബോധവൽക്കരണത്തിൽക്കൂടി ജനങ്ങളെ ബോധവൽക്കരിച്ചപ്പോൾ ജനങ്ങളുടെ എതിർപ്പ് ഇല്ലാതെയായിയെന്നു തന്നെ പറയാം. അങ്ങനെ എതിർത്തിരുന്ന ഭൂരിഭാഗത്തെ ന്യൂനപക്ഷമാക്കി മാറ്റാൻ ആ മുന്നേറ്റങ്ങൾക്കു കഴിഞ്ഞു. അങ്ങനെ എതിർപ്പിന്റെ മുനയൊടിച്ച് ഉത്തരവു നടപ്പാക്കാൻ കഴിഞ്ഞുയെന്നത് ചരിത്രം സാക്ഷ്യപ്പെടുത്തുന്നു. ഉദ്ദേശശുദ്ധിയോടെ പരിവർത്തനം ലക്ഷ്യമിട്ടുകൊ് ഒരു ദുരാചാരത്തെ അല്ലെങ്കിൽ ഒരു വിവേചനത്തെ തുടച്ചു നീക്കാൻ അതിനു നേതൃത്വം നൽകിയ നേതാക്കൾക്ക് കഴിഞ്ഞു.

സതി നിർത്തലാക്കിയതിന്റെ പശ്ചാത്തലം തന്നെ അതിനുദാഹരണമാണ്. തന്റെ ജ്യേഷ്ഠന്റെ ചിതയിലേക്ക് ഭാര്യ ചാടാതെ ഭയന്നു നിന്നപ്പോൾ അതിലേക്ക് യാഥാസ്ഥിതികരായ കുടുംബക്കാരും മത നേതാക്കളും ആ സ്ത്രീയെ തള്ളിവിട്ടപ്പോൾ മോഹൻറോയുടെ മനസ്സ് ആ ദുരാചാരത്തെ ഇല്ലാതാക്കുമെന്ന പ്രതിജ്ഞയെടുത്തു. അതിനദ്ദേഹം ആദ്യം ചെയ്തത് ഭരണാധികാരികളുടെ അടുത്തെത്തി ഉത്തരവ് വാങ്ങുകയായിരുന്നില്ല.

യാഥാസ്ഥിതികരുടെ ശക്തമായ എതിർപ്പ് ജനങ്ങളുടെ നിസ്സഹകരണവും അധികാരികളുടെ തണുപ്പൻ സമീപനവുമായിരുന്നു തുടക്കത്തിൽ അദ്ദേഹത്തിന് നേരിടേി വന്നത്. അതിൽ തളരാതെ അദ്ദേഹം ജനങ്ങളുടെ ഇടയിൽ ഇറങ്ങിച്ചെന്ന് അവരെ ബോധവൽക്കരിക്കുകയാണു ായത്. അദ്ദേഹത്തിന്റെ ഉദ്ദേശ ശുദ്ധി അവർ തിരിച്ചറിഞ്ഞുകൊ് അവർ തങ്ങളുടെ നിലപാട് മാറ്റി അദ്ദേഹത്തിനൊപ്പം കൂടി തങ്ങളുടെ ഇടയിലെ ആചാരം ഒരു ദുരാചാരമാണെന്ന് അവർക്ക് ബോദ്ധ്യപ്പെട്ടതാണ് അദ്ദേഹത്തിന്റെ നേട്ടങ്ങളിൽ പ്രധാനം. അതിനു സമാനമാണ് ക്ഷേത്രപ്രവേശന വിളംബരത്തിലും മാറുമറയ്ക്കൽ സമരത്തിലുമുായത്.

ശബരിമല സ്ത്രീപ്രവേശനത്തിലും ജനങ്ങളുടെ ഇടയിൽ അങ്ങനെയൊരു ബോധവൽക്കരണമോ അഭിപ്രായ സമുന്നയമോ ഉായിട്ടുോ. നൂറ്റാുകളായി വിശ്വാസികൾ ആചരിച്ചുപോകുന്ന രീതി ഒരു സുപ്രഭാതത്തിൽ മാറ്റുമ്പോൾ അത് പെട്ടെന്ന് അംഗീകരിക്കാൻ സാധാരണക്കാരായ വിശ്വാസികൾക്ക് സാധിച്ചുയെന്ന് വരികയില്ല. അതിൽ പ്രതികാരത്തിന്റെയും പിടിവാശിയുടേയും അംശം കൂടിയുള്ളപ്പോൾ അവർ അതിനെതിരെ പ്രതികരിക്കുന്നത്

അതിശക്തമായ രീതിയിലായിരിക്കും.

തങ്ങളുടെ മതത്തിന്റെ ആചാരങ്ങളെയും രീതികളെയും മാറ്റി മറയ്ക്കുന്ന നടപടി ഭരണകർത്താക്കളിൽ നിന്നോ മറ്റോ ഉായാൽ അതിനെതിരെ ആ ആചാരങ്ങളെ പിൻതുടരുന്നവർ എതിർക്കുക സ്വാഭാവികമായിരിക്കും. അത് പെട്ടെന്ന് അംഗീകരിക്കാൻ സാധിക്കാറില്ല. അതിനെതിരെ നിരത്തിലിറങ്ങി അത് സംരക്ഷിക്കാൻ നേതൃത്വം നൽകുന്നവർ മതസൗഹാർദ്ദം ഊട്ടി ഉറപ്പിക്കുന്ന പ്രസംഗങ്ങൾ നടത്തുന്ന മതനേതാക്കളായിരിക്കും. പുരോഗമനം വേണമെന്ന് വാദിക്കുന്നവർ പോലും തങ്ങളുടെ മതാനുഷ്ഠാനങ്ങൾക്ക് എതിരെ നടപടിയുായാൽ രംഗത്തു വരുമെന്ന് കാലങ്ങൾ തെളിയിച്ചിട്ട്.

ഞായറാഴ്ച അവധി ദിവസം ഇന്ത്യയിൽ മാറ്റുമെന്ന് ബി.ജെ.പി. സർക്കാർ ഒരിക്കൽ അനൗദ്യോഗികമായി പറഞ്ഞപ്പോൾ തന്നെ അതിനെതിരെ ക്രൈസ്തവ മതത്തിൽപ്പെട്ട ചില മതാദ്ധ്യക്ഷന്മാർ രംഗത്തു വരികയുായി. ആഗോള കത്തോലിക്കാ സഭയിലെ ഇന്ത്യയിലെ വൈദീകർക്ക് വിവാഹം കഴിക്കാമെന്ന് ഒരു നിയമം കൊുവന്നാലത്തെ സ്ഥിതിയെന്താകും എന്തിന് തദ്ദേശ സഭകളായ ഓർത്തഡോക്സ് യാക്കോബായ തുടങ്ങിയ സഭകളിൽ സ്ത്രീകൾക്ക് വൈദീക പട്ടം നൽകണമെന്ന ഒരു നിയമം പാസ്സാക്കുകയോ ഒരു ഉത്തരവുകൊുവരികയോ ചെയ്താൽ അതിനെതിരെ സഭാനേതൃത്വം പ്രതികരിക്കാതിരിക്കുമോ. അതാണ് സഭകളും മതങ്ങളും അതിലെ വിശ്വാസി സമൂഹങ്ങളും.

എന്തിനേറെ രാഷ്ട്രീയ പാർട്ടികൾപോലും കാലങ്ങളായി പിൻതുടരുന്ന രീതികൾക്ക് ഭരണാധികാരികൾ മാറ്റം വരുത്തിയാൽ അണികളെ ഇറക്കി പ്രതിഷേധിക്കാറു്. വിപ്ലവ പാർട്ടികൾ പോലും ആ മാറ്റത്തിനെതിരെ പ്രതികരിച്ചിട്ടില്ലെ. 86-ൽ കരുണാകരൻ മന്ത്രിസഭയിലെ വിദ്യാഭ്യാസ മന്ത്രിയായിരുന്ന ടി.എം. ജേക്കബ് കോളേജുകളിൽ നിന്ന് പ്രീഡിഗ്രി വേർപ്പെടുത്തി സ്കൂളിലാക്കാൻ ഒരു നീക്കം നടത്തിയപ്പോൾ അതിനെതിരെ എസ്.എഫ്.ഐ. ഉൾപ്പെടെയുള്ള ഇടതു വിദ്യാർത്ഥി പ്രസ്ഥാനം ശക്തമായ പ്രതിഷേധവുമായി രംഗത്തു വരികയുായത് ഇന്ന് പലരും ഓർക്കുന്നുാകുമെന്ന് കരുതാം. ഇന്ന് ഭരണത്തിലിരിക്കുന്നത് ആരാണെന്നു കൂടി ചിന്തിക്കുക. ചൈനയിൽ കമ്മ്യൂണിസ്റ്റ് ഭരണ സംവിധാനത്തിന് മാറ്റം വരുത്തണമെന്ന് കൂടുതൽ സ്വാതന്ത്ര്യം ജനങ്ങൾക്ക് നൽകണമെന്നും ആവശ്യപ്പെട്ടുകൊ് വിദ്യാർത്ഥികൾ പ്രക്ഷോഭം നടത്തിയപ്പോൾ അതിനെ അടിച്ചമർത്തിയവരാണ് അവിടത്തെ കമ്മ്യൂണിസ്റ്റ് ഭരണകൂടം. അങ്ങനെ കാലാകാലങ്ങളായുള്ള രീതി മാറ്റുമ്പോൾ പ്രതിഷേധിക്കുകയും പ്രതികരിക്കുകയും ചെയ്യുന്നത് എവിടെയും കാണുന്ന ഒരു പ്രക്രിയയാണ്. അത് അംഗീകരിക്കാൻ കാലങ്ങളെടുത്തേക്കാം. എന്നാൽ അതിനെ അടിച്ചമർത്തി അത് ജനങ്ങളുടെ മേൽ അടിച്ചേൽപ്പിക്കാൻ ആർക്കെങ്കിലും കഴിയുമോ.

വിശ്വാസികളുടെ മനസ്സിനെ മുറിവേൽപ്പിക്കാത്ത രീതിയിൽ തുറന്ന സമീപനത്തിൽക്കൂടി ശബരിമല ക്ഷേത്രത്തിന് അവകാശമുള്ളവരുമായി ആലോചിച്ച് ഒരു പൊതു അഭിപ്രായത്തിൽക്കൂടി പരിഹാരം കാണാൻ ശ്രമിക്കുന്നതാണ് സർക്കാരിന് ഏറെ ഉചിതം. അതിനായി സമയമെടുത്താൽ

പോലും കോടതിയിൽ നിന്ന് സാവകാശം ആവശ്യപ്പെടാം. മാറ്റങ്ങൾ അനിവാര്യമാണ് അത് അടിച്ചേൽപ്പിക്കുന്നതിനേക്കാൾ അംഗീകരിച്ചെടുക്കുകയാണ് നല്ലത്.